**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 858** **14-10-2026-ൽ മറുപടിയ്ക്ക്**

**ഉമയനല്ലൂർ പാടശേഖരത്തിൽ ജലസേചന സൗകര്യം മെച്ചപ്പെടുത്താൻ നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. വിഷ്ണു മോഹൻ

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** പ്രകൃതിയെ മാത്രം ആശ്രയിച്ച് ഇപ്പോൾ ഒരുപ്പൂ കൃഷി നടത്തുന്ന സംസ്ഥാനത്തെ പ്രധാന ഒറ്റ പാടശേഖരങ്ങളിൽ ഒന്നായ ഉമയനല്ലൂർ പാടശേഖരത്തിൽ ജലസേചന മാർഗ്ഗങ്ങൾ മെച്ചപ്പെടുത്തിയാൽ കൃഷി രീതികൾ മെച്ചപ്പെടുത്താൻ സാധിക്കുമെന്ന വിഷയത്തിൽ പ്രത്യേക പഠനം നടത്തുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

**മറുപടി:** ഉമയനല്ലൂരിൽ പാടശേഖരത്തിൽ നിലവിൽ വേനൽ സമയത്ത് ജലം ലഭ്യമല്ലാത്തത് മൂലമാണ് ഇരുപ്പൂ കൃഷി ചെയ്യാൻ സാധിക്കാത്തത്. പ്രകൃതിയെ മാത്രം ആശ്രയിക്കുന്നതിലുപരി കെ.ഐ.പി. കനാലിനെ കൂടി കർഷകർ കൃഷിക്കായി ആശ്രയിക്കുന്നുണ്ട്. എന്നാൽ മാർച്ച് മാസം അവസാനം മാത്രമാണ് കെ.ഐ.പി. കനാൽ വഴി ജലം ലഭ്യമാകുന്നത്. ഫെബ്രുവരി മാസം മുതൽ ജലം ലഭ്യമായിത്തുടങ്ങിയാൽ മാത്രമേ ഇരുപ്പൂ കൃഷി തടസമില്ലാതെ ചെയ്യാൻ സാധിക്കുകയുള്ളു. ഉമയനല്ലൂർ ചിറയിൽ നിലവിൽ പമ്പ് ഹൗസും സ്ലൂയിസും ഉണ്ടെങ്കിലും പമ്പ് ഹൗസ് ജീർണിച്ച നിലയിലും സ്ലൂയിസ് മെയിന്റനൻസ് ചെയ്യേണ്ടതായിട്ടുമുണ്ട്. നിലവിൽ ടി പമ്പ് ഹൗസിന്റെ പ്രവർത്തനങ്ങൾ പാടശേഖര സമിതിയുടെ മേൽനോട്ടത്തിലാണ് നടന്നുവന്നിരുന്നത്. ഏകദേശം 15 വർഷത്തോളമായി ഇവിടെ പമ്പിങ് പ്രവർത്തനങ്ങളൊന്നും തന്നെ നടക്കുന്നില്ല. കൂടാതെ വെള്ളം തടഞ്ഞുനിർത്തി കൃഷി ചെയ്യാനായി തടയണയുടെ ആവശ്യവും അവിടെയുണ്ട്. ഈ ആവശ്യങ്ങളെല്ലാം പൂർത്തീകരിക്കുന്നതിനായി പാടശേഖര സമിതിയുമായും കൃഷി ഭവനുമായും ബന്ധപ്പെട്ടു വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**(ബി)** പ്രസ്തുത പാടശേഖരത്തെ ഒരുപ്പൂ കൃഷിയിൽ നിന്നും അടുത്തവർഷം ഇരുപ്പൂ കൃഷിയിലേക്ക് മാറ്റുന്നതിനായി പ്രത്യേക പദ്ധതിക്കുള്ള തുക വകയിരുത്താൻ നടപടി സ്വീകരിക്കുമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**